# ബദൽ വികസനവും സൈക്കിൾ മഹോത്സവവും: ഒരു ദലിത്പക്ഷ വിചാരം

**രൺജിത് തങ്കപ്പൻ**

**വികസനത്തെക്കുറിച്ചുള്ള** ഗഹനമായ പരിചിന്തനങ്ങൾക്ക് നേതൃത്വം നൽകുന്ന 'കേരളീയ'ത്തിന്റെ കേരളപ്പിറവി പതിപ്പിൽ ചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ട ഒരു വാർത്താശകലമുണ്ട്. സസ്യാഹാരികൾ 'അറിവ്' പങ്കിടാൻ ഒത്തുകൂടിയ ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രൊഫ. ജോൺ സി. ജേക്കബ് ഇങ്ങനെ അഭിപ്രായപ്പെട്ടത്രെ: ''ലോകത്ത് കൊളോണിയലിസം വളർന്നത് മാംസാഹാരത്തിന്റെ ഉപയോഗം കൊണ്ടായിരുന്നു.... മാംസാഹാരത്തോടുള്ള ആഗ്രഹം മൂലം പരിസ്ഥിതിയിൽ കാർബൺഡയോക്സൈഡിന്റെ അളവ് ക്രമാതീതമായി കൂടി" (കേരളീയം, ഒക്ടോബർ, 2005)

ഒരു അധിനിവേശാനന്തര സമൂഹത്തിന്റെ ചരിത്രത്തിലേക്കുള്ള തിരിഞ്ഞുനോട്ടത്തെ അരാഷ്ട്രീയ പ്രത്യയശാസ്ത്ര പ്രഘോഷണങ്ങൾ എങ്ങനെ അതിലളിതവത്കരിക്കുന്നു എന്നതിന്റെ ഉത്തമോദാഹരണമാണ് മേൽസൂചിപ്പിച്ച പ്രസ്താവന 'മാംസാഹാര'ത്തെ കോളനിവത്കരണവുമായി സാത്മ്യപ്പെടുത്തുന്ന സസ്യാഹാരികളുടെ 'നവരാഷ്ട്രീയം' പ്രതിലോമകരമായ മനുവാദി/ ബ്രാഹ്മണിക്കൽ രാഷ്ട്രീയ വ്യവഹാരങ്ങളുടെ ബലതന്ത്രത്തിൽ നിന്നാണ് ഊർജ്ജമുൾക്കൊള്ളുന്നത്. ഇന്ത്യൻ ദേശീയതയെ ഗ്രസിച്ച ബ്രാഹ്മണിക്കൽ ആധിപത്യം പോലും ഇത്തരം ലളിത സമവാക്യങ്ങളിലേക്ക് ചരിത്രത്തെ ചുരുട്ടിക്കെട്ടിയിട്ടുണ്ടാവില്ല. എന്നാൽ ആധുനികതാവിരുദ്ധ/പുനരുത്ഥാന/പ്രതിലോമ രാഷ്ട്രീയ വ്യവഹാരങ്ങളുടെ സത്തവൽക്കരിക്കപ്പെട്ട മുഖദാവിൽനിന്നും ഉത്തരാധുനികതയുടെ ബഹുസ്വരതയെ അപഹസിക്കുമാറ് ബ്രാഹ്മണിസം അട്ടഹസിക്കുന്ന കാഴ്ച ഭീതിയുണർത്തുന്നതാണ്. വികസനത്തിന്റെ 'ബദൽ' അന്വേഷിക്കുന്നു എന്ന് അവകാശപ്പെടുന്ന ഇത്തരം അരാഷ്ട്രീയവാദങ്ങൾ ചരിത്രത്തെ വെറും കെട്ടുകഥയാക്കി മാറ്റുന്നു. ഈ പശ്ചാത്തലത്തിലാണ് 'സൈക്കിൾ മഹോത്സവം' പോലെ പ്രത്യക്ഷത്തിൽ നിരുപദ്രവകരമെന്നു തോന്നുന്ന 'ആഘോഷ'ങ്ങളുടെ പിന്നാമ്പുറ രാഷ്ട്രീയത്തിന്റെ പ്രത്യയശാസ്ത്രവിവക്ഷകൾ വിലയിരുത്തേണ്ടത് ആവശ്യമായി വരുന്നത്. സൈക്കിളല്ല, ആധുനികതാവിരുദ്ധതയുടെ പ്രതിലോമപരതയ്ക്ക് അത് പ്രത്യയശാസ്ത്ര ഉപാധിയായിത്തീരുന്നതിന്റെ ദുരന്തമാണ് ചിന്തനീയമായിട്ടുള്ളത്. സൈക്കിളിനെ നിരുപദ്രവകാരിയും മിണ്ടാപ്രാണിയുമായ ഒരു 'ജന്തു'വായി വിഭാവനം ചെയ്ത് കാല്പനികവത്കരിക്കുന്നതിലൂടെ അത് ഒരു രാഷ്ട്രീയരൂപകം കൂടിയായി പരിണമിക്കുന്നു. അത് പിന്നീട് 'മഴയനുഭവം', 'പ്രകൃതി', 'പട്ടിണിയനുഭവം'(?) എന്നിങ്ങനെ കൽപ്പിതമായ കാല്പനിക കാറ്റഗറികൾക്കൊപ്പം ജീവിതത്തിന്റെ രാഷ്ട്രീയത്തിന് 'ബദൽ' തീർക്കുന്നു. ജീവിതത്തെ എത്രമാത്രം ആധുനികതാവിരുദ്ധമാക്കിത്തീർക്കാമോ അത്രയേറെ സാദ്ധ്യതകളാണ് ഇത്തരം കാല്പനികവത്കരണം മുന്നോട്ടു വെക്കുന്നത്. സൈക്കിൾ=പ്രകൃതി, വികസനം=ഗാന്ധി എന്നീ ലളിത സമവാക്യങ്ങളിലേക്ക് സാമൂഹ്യ രാഷ്ട്രീയ മാറ്റങ്ങളെ ചുരുക്കുന്നതിൽ ഒതുങ്ങുന്നു 'ബദൽ' മാതൃകകൾ. സസ്യാഹാരം=ദേശീയത, മാംസാഹാരം= അധിനിവേശം എന്ന പ്രതിലോമപരവും ചരിത്രവിരുദ്ധവുമായ പ്രത്യയശാസ്ത്രജടിലതകളിലേക്കാണ് ഇത്തരം സൈക്കിൾയാത്രകൾ ചെന്നെത്തുക. വംശീയശുദ്ധിയുടെ ഫാഷിസ്റ്റ് പരികല്പനകൾക്ക് പ്രിയങ്കരമായ 'സസ്യാഹാരം', സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ അധിനിവേശ സ്വഭാവം ഉൾക്കൊള്ളുന്നു. മാംസാഹാരികളായ ബ്രാഹ്മണർ സസ്യാഹാരികളായി പരിവർത്തനം ചെയ്യുന്നതിന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ പ്രത്യയശാസ്ത്ര പശ്ചാത്തലം അംബേദ്കർ പഠന വിധേയമാക്കിയിട്ടുണ്ട്.

മാംസാഹാരികളായ കോളനിശക്തികളും സസ്യാഹാരികളായ ദേശീയവാദികളും എന്ന ബ്രാഹ്മണിക്കൽ ഹൈന്ദവ കാഴ്ചപ്പാടിന് ഉത്തരാധുനിക, മണ്ഡലാനന്തര രാഷ്ട്രീയ പശ്ചാത്തലത്തിൽ പുതിയ മാനം കൈവരുന്നു. സാംസ്കാരിക ദേശീയതയുടെ വക്താക്കളായി രംഗത്തുവരുന്ന ഹിന്ദുത്വ ഫാഷിസ്റ്റ് ശക്തികളുടെ പ്രത്യയശാസ്ത്ര അജണ്ടകളാണ് നിർഭാഗ്യവശാൽ, 'ബദൽ' വികസനത്തിന്റെ വക്താക്കളും ഉരുവിടുന്നത്. സാംസ്കാരിക മേഖലയിൽ ഒളിഞ്ഞും തെളിഞ്ഞും ഇത്തരം വാദമുഖങ്ങൾ പല വേഷത്തിൽ രംഗത്തെത്തുന്നു. അശുതോഷ് ഗവ്രിക്കറുടെ 'ലഗാൻ' എന്ന ഹിന്ദി ചലച്ചിത്രത്തിൽ ഈ ആശയങ്ങൾ പ്രാധാന്യത്തോടെ ചിത്രീകരിച്ചിരിക്കുന്നത് സാംസ്കാരിക ദേശീയതയുടെ ബ്രാഹ്മണമുഖം ഏറെ ഉത്കർഷത്തോടെ സ്വതന്ത്ര 'സവർണ്ണ' ഇന്ത്യ ആഘോഷിക്കുന്നതിന്റെ ദൃഷ്ടാന്തമാണ്. ഇതിന്റെ അനുരണനങ്ങൾ 'വെജിറ്റേറിയനിസ'ത്തിന്റെ സ്റ്റാറ്റസ്കോയിലും, ഇക്കോ ഫെമിനിസം, പരിസ്ഥിതിവാദം എന്നിവയുടെ സത്തവത്കരണ ശ്രമങ്ങളിലും നിഴലിക്കുന്നു. മാംസാഹാരം ജീവിതത്തിന്റെ അവിഭാജ്യഭാഗമായിട്ടുള്ള ബഹുഭൂരിപക്ഷം വരുന്ന അബ്രാഹ്മണ/ദലിത് സമുദായങ്ങളെയും, ദേശ-രാഷ്ട്ര നിർമ്മിതിയിലുള്ള അവരുടെ രാഷ്ട്രീയ പങ്കാളിത്തത്തെയും ഗാന്ധിയൻ ശുദ്ധ പ്രകൃതിവാദം എങ്ങനെയാണ് വീക്ഷിക്കുന്നതാവോ?

ദേശരാഷ്ട്ര നിർമ്മിതിയിലെ ദലിത് കർതൃത്വത്തെ അധിനിവേശമായിപ്പോലും വ്യാഖ്യാനിച്ചേക്കാവുന്ന ഭീകര മൗലികവാദമാണ് നിശ്ശബ്ദം 'ബദൽ' ലേബലണിഞ്ഞ് തേരോട്ടം നടത്തുന്നത്. പരിസ്ഥിതി സംരക്ഷണം എന്ന ആശയത്തെ ഹൈന്ദവ ഫിലോസഫിയുടെ അടിത്തറയായി വർത്തി

ക്കുന്ന 'അയിത്തം' എന്ന സങ്കൽപ്പനത്തിന്റെ ചട്ടക്കൂടിലൂടെ നോക്കിക്കാണുന്ന 'സവർണ്ണ' പരിസ്ഥിതിവാദങ്ങളും നമുക്ക് ലഭ്യമാണല്ലോ. സ്ത്രീത്വത്തെയും പ്രകൃതിയെയും സത്തവൽക്കരിക്കുന്ന ഇക്കോഫെമിനിസ്റ്റ് ധാരയും ശക്തമാണ്. സ്ത്രീ/പരിസ്ഥിതിവാദങ്ങളുടെ ഇന്ത്യൻ പതിപ്പിനു കൈവന്ന സവർണ്ണ ഹൈന്ദവഛായ ഇന്ന് ചോദ്യം ചെയ്യപ്പെട്ടു തുടങ്ങിയിട്ടുണ്ട്. വന്ദനശിവയുടെ ഇക്കോഫെമിനിസത്തോടുള്ള ബീന അഗർവാളിന്റെ വിമർശനം. ഫെമിനിസത്തിന്റെ സവർണ്ണമുഖം പിച്ചിച്ചീന്തുന്ന ദലിത് ഫെമിനിസ്റ്റ് ധാര എന്നിവ ഉദാഹരണം. നർമ്മദാ ബചാവോ ആന്ദോളൻ പോലുള്ള പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ ദലിത്/ആദിവാസി വിരുദ്ധത ഗെയ്ൽഓംവേദും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മയിലമ്മമാരേക്കാൾ, സി.കെ. ജാനുവിനേക്കാൾ വന്ദനാശിവയും മേധാപട്കറും അരുന്ധതീറോയും ആഘോഷിക്കപ്പെടുന്ന കേരളത്തിൽ ആധുനികതാവിരുദ്ധത ഒരു പ്രത്യയശാസ്ത്രമായി തന്നെ വളർന്നു വരുന്നുണ്ടെന്നു സംശയിക്കണം. 'സൈക്കിൾ മഹോത്സവങ്ങൾ' മുഴക്കുന്ന അപകടമണി അതാണ് സൂചിപ്പിക്കുന്നത്. അല്ലെങ്കിൽതന്നെ, മയിലമ്മക്ക് വിദഗ്ധോപദേശം നൽകുന്ന 'സഹതാപാർദ്ര' ലേഖനങ്ങൾ മലയാളത്തിലല്ലാതെ വേറെവിടെയാണ് വായിക്കാൻ കിട്ടുക. ('മയിലമ്മ അറിയാൻ', മാധ്യമം നവംബർ 11, 2005). കർതൃത്വപദവി പോരാടുന്ന മയിലമ്മയ്ക്ക്/സി.കെ. ജാനുവിന് എല്ലാം അറിയുന്ന 'ഞങ്ങളുടെ' സഹായമില്ലാതെ എങ്ങനെ 'തിരിച്ചറിവു'ണ്ടാകും അല്ലേ?! കൊക്കക്കോള പച്ചപ്പുൽമൈതാനത്തെ കൊടുംവിഷമുള്ള വെള്ളപ്പാമ്പാണെങ്കിൽ, ഈ സഹതാപാർദ്രർ പച്ചപ്പുൽമൈതാനത്തെ പച്ചപ്പാമ്പുകളാണ്. വെള്ളപ്പാമ്പിനെ നഗ്നദൃഷ്ടികൊണ്ടുപോലും തിരിച്ചറിയാം. പച്ചപ്പാമ്പ് ഒളിഞ്ഞിരിക്കുന്ന വിപത്താണ്. അത് നിങ്ങളെ പുറകിൽനിന്ന് കൊത്തും. ഉപദേശം നൽകേണ്ടത് മയിലമ്മയ്ക്കല്ല, നിലപാടുകളും അറിവും എല്ലാമുണ്ടെന്ന് നടിക്കുന്ന മറ്റു ചിലർക്കാണ്.

ഈ പശ്ചാത്തലത്തിൽ പരിസ്ഥിതി/സ്ത്രീ/ദലിത്/ആദിവാസി സംവാദങ്ങളെ ഒരേ നുകത്തിൽ കെട്ടുകയും വികസന ബദലുകൾ തേടി ആധുനികതാവിരുദ്ധതയുടെ പടക്കോപ്പുകളായി പരിവർത്തനം ചെയ്യുന്നതിന്റെയും രാഷ്ട്രീയ സാംഗത്യം ചോദ്യം ചെയ്യേണ്ടി വരുന്നു. ചരിത്രവിരുദ്ധവും പ്രതിലോമപരവുമായ ഇത്തരം പുറകോട്ടു നടത്തങ്ങൾ തികച്ചും ദലിത് വിരുദ്ധമാണെന്ന് പറയാതെവയ്യ. ആധുനികതയെ തള്ളിപ്പറഞ്ഞുകൊണ്ടല്ല, അതിനെ വിമർശനാത്മകമായി സ്വാംശീകരിച്ചുകൊണ്ടാണ് ദലിത് തന്മ ചരിത്രത്തിൽ ഉയിർക്കൊള്ളുന്നത്. ദലിത് രാഷ്ട്രീയ കർതൃത്വവും തന്മയും ഭൂതകാല സ്മൃതികളെയല്ല, ആധുനികതയുടെ വരദാനങ്ങളായ വിദ്യാഭ്യാസം, മതേതരത്വം, സ്വാതന്ത്ര്യം, സമത്വം, ദേശ-രാഷ്ട്രം എന്നീ ആധുനിക സ്ഥാപനങ്ങളോടാണ് കൂടുതലും കടപ്പെട്ടിരിക്കുന്നത്. തീർച്ചയായും ഇവ തീർത്തും പ്രശ്നരഹിതമായ കാറ്റഗറികൾ അല്ല. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ വികസന അജണ്ടകൾ ദലിത് കർതൃത്വത്തെ പ്രാന്തവൽക്കരിച്ചുകൊണ്ടാണ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളതു തന്നെ. ഇത് ആധുനികതയിലേക്കുള്ള പാരമ്പര്യമൂല്യങ്ങളുടെ പുനഃസ്ഥാപനത്തിന്റെ ഫലമായാണ് സംഭവിക്കുന്നത്. പാരമ്പര്യ, അധിനിവേശ ബ്രാഹ്മണിക്കൽ മൂല്യങ്ങളെ തത്വത്തിൽ ഉൾക്കൊള്ളുന്ന ആധുനികസ്ഥാപനമായി 'സ്റ്റേറ്റ്' നിലകൊള്ളുന്നു എന്നതാണ് യാഥാർത്ഥ്യം. ആധുനികതയിലേക്കുള്ള പാരമ്പര്യത്തിന്റെ കടന്നുകയറ്റമാണ് ജുഡീഷ്യറി, ബ്യൂറോക്രസി, പാർലമെന്ററി ജനാധിപത്യം, പത്രമാധ്യമങ്ങൾ എന്നീ കാവൽ മാലാഖമാരിലൂടെ സ്വാതന്ത്ര്യാനന്തര ഭാരതം അനുഭവിക്കുന്നത്. ഗാന്ധിയൻ 'ബദലും' നെഹ്രുവിയൻ 'വികസന'വും പ്രത്യയശാസ്ത്രപരമായി ഒരേ ആശയസംഹിതയെ ഉള്ളിൽപ്പേറുകയും പ്രയോഗികതലത്തിൽ ദലിത്/ആദിവാസി പ്രാന്തവത്കരണത്തിന് ആക്കം കൂട്ടുകയും ചെയ്യുന്നു.

ജാതിഗ്രസ്തമായ ഗ്രാമങ്ങളിലാണ് ഗാന്ധി ഇന്ത്യയുടെ ആത്മാവിനെ കണ്ടെത്തിയത്. അപ്പോഴും ജാതി അതിന്റെ ഭീഷണമായ എല്ലാതലത്തിലും അദ്ദേഹത്തിന് സ്വീകാര്യമായിരുന്നു. 'അയിത്ത'ത്തിനെതിരെ പ്രത്യക്ഷത്തിൽ നിലപാട് എടുക്കേണ്ടിവരുമ്പോഴും ജാതിവ്യവസ്ഥയെ നെഞ്ചോടടക്കിപ്പിടിച്ച ഗാന്ധിയെ എങ്ങനെയാണ് ദലിതർക്ക് അംഗീകരിക്കാനാവുക? ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ മാത്രമായിരിക്കില്ല നിലകൊള്ളുന്നത്, അല്ലെങ്കിൽ ഗ്രാമം എന്ന തടവറയിൽനിന്നും ഇന്ത്യയുടെ ആത്മാവിനെ മോചിപ്പിക്കേണ്ടിയിരിക്കുന്നു. ആഗോള സാമ്രാജ്യത്വ അധിനിവേശാനുകൂല രാഷ്ട്രീയ പശ്ചാത്തലത്തിൽ അവതരിപ്പിക്കപ്പെടുന്ന പത്തിനവികസന പരിപാടികളുടെ അജണ്ടകളും ഗ്രാമങ്ങളെ അതിന്റെ പാട്ടിനുവിടുന്നു. സ്റ്റേറ്റ് 'വികസനം' നഗര കേന്ദ്രിതമായി ത്വരിതപ്പെടുമ്പോൾ, മറുവശത്ത് ഗ്രാമം പാരമ്പര്യജടിലമായ ജാതിവർണ്ണ വ്യവസ്ഥയിൽ അധിഷ്ഠിതമായി നിലനിൽക്കുന്ന അമാനവിക/അവികസിത മാതൃകകളാണ് പിന്തുടരുന്നത്. വർണ്ണാശ്രമധർമ്മവ്യവസ്ഥയെ ഹൈന്ദവ സമൂഹത്തിന്റെ അടിത്തറയായി ഉറപ്പിച്ചുനിർത്തുന്ന ഗാന്ധിയൻ സങ്കൽപ്പത്തിലെ ഗ്രാമം, താത്ത്വികതലത്തിൽപ്പോലും ദലിത്/ആദിവാസി വിരുദ്ധമാണ് ഗ്രാമീണ സ്വയംഭരണ റിപ്പബ്ലിക്കുകൾ ജാതിയുടെ പിടിയിലമർന്ന പാരമ്പര്യത്തിന്റെ 'നവീന തടവറ'കളായി തന്നെ നിലനിൽക്കും എന്നർത്ഥം. നഗരവും ഇതിൽനിന്ന് പൂർണ്ണമായും മുക്തമല്ല. പ്രതിലോമ ബ്രാഹ്മണിക്കൽ സവർണ്ണ മൂല്യങ്ങളുടെ ആധിപത്യം നഗരത്തെയും, നഗരകേന്ദ്രിത വികസനത്തെയും ദോഷകരമായി ബാധിക്കുന്നുണ്ട്. എന്നാൽ, നഗരം നൽകുന്ന വിമോചനത്തിന്റെയും പുരോഗതിയുടെയും പ്രത്യാശപോലും നൽകാൻ ഗ്രാമത്തിനാകുന്നില്ല എന്നതാണ് വസ്തുത. നഗരങ്ങളിലേക്കുള്ള ഗ്രാമീണ പലായനങ്ങൾ ഒരർത്ഥത്തിൽ വിമോചനത്തിനായുള്ള ജനതതിയുടെ ദമിതമോഹങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്. ഈ യാഥാർത്ഥ്യത്തെ എല്ലാ അർത്ഥത്തിലും ഉൾക്കൊണ്ടതുതന്നെയാണ് ഗാന്ധിയൻ ഗ്രാമസങ്കൽപ്പത്തെ തള്ളിക്കളഞ്ഞ് നഗരങ്ങളിലേക്ക് ചേക്കേറാൻ അംബേദ്കർ ആഹ്വാനം ചെയ്യുന്നത്. 'വ്യവസായവൽക്കരിക്കൂ, നശിക്കൂ' എന്ന ഗാന്ധിയൻ ആധുനികതാ വിരുദ്ധ മുദ്രാവാക്യത്തെ, 'വ്യവസായവൽക്കരിക്കൂ, അല്ലാത്തപക്ഷം നശിക്കൂ' എന്ന് അപനിർമ്മിച്ചുകൊണ്ടാണ് ഇന്ത്യൻ സമൂഹം മുഖ്യമായും, ജാതിഗ്രസ്തമായ ഫ്യൂഡൽ വ്യവസ്ഥയിൽനിന്നും ബൂർഷ്വാ മുതലാളിത്ത വ്യവസ്ഥയി

ലേക്ക് വളർന്നു വികസിച്ചത്. മേൽസൂചിപ്പിച്ചതുപോലെ തികച്ചും പ്രശ്നരഹിതമായ ഒരു പ്രക്രിയ അല്ലായിരുന്നുവത്. അതിനാൽ തീർച്ചയായും പ്രശ്നവൽക്കരിക്കേണ്ടതുമുണ്ട്. ഇതിനർത്ഥം ആധുനികതാവിരുദ്ധ ഗാന്ധിയൻ ഉപരിപ്ലവതയെ മുമ്പിൽ നോക്കാതെ ആശ്ലേഷിക്കുക എന്നല്ല.

വികസനത്തിന്റെ അജണ്ടകൾ നിശ്ചയിക്കുമ്പോൾ, നിലനിൽക്കുന്ന വ്യവസ്ഥിതിയിൽ പ്രാന്തവൽക്കരിക്കപ്പെട്ട സാമൂഹ്യ വിഭാഗങ്ങളെ പരിഗണിക്കേണ്ടതിന്റെ ആവശ്യകത ആധുനിക ഇന്ത്യൻ സ്റ്റേറ്റിനെപ്പോലെ ഗാന്ധിയും കണക്കിലെടുക്കുന്നില്ല. ഗാന്ധിയൻ ദർശനങ്ങളുടെ ഉപരിപ്ലവത വ്യക്തമാക്കാൻ അദ്ദേഹത്തിന്റെ 'ഹരിജൻ' എന്ന കുപ്രസിദ്ധമായ വിഭാവനം മാത്രം പരിഗണിച്ചാൽ മതി. 'ദലിത്' എന്നത് ചരിത്രപരമായി സാമൂഹികവും സാംസ്കാരികവുമായ സംവാദങ്ങളിലൂടെ ഉരുത്തിരിഞ്ഞു വന്ന രാഷ്ട്രീയ കാറ്റഗറിയാകുമ്പോൾ, 'ഹരിജൻ' പ്രതിലോമ ഹൈന്ദവആധിനിവേശ സാംസ്കാരികത മെനഞ്ഞെടുക്കുന്ന അരാഷ്ട്രീയവത്കരിക്കപ്പെട്ട കാറ്റഗറിയായി ഒതുങ്ങുന്നു. ദലിത് കർതൃത്വങ്ങളെ മെരിറ്റോക്രസിയുടെയും വംശീയ ശുദ്ധിയുടെ ആധുനീകരിക്കപ്പെട്ട പാരമ്പര്യ സവർണ്ണ ഹൈന്ദവ ചട്ടക്കൂട്ടിലൂടെയും വിലയിരുത്തുന്ന ഇന്ത്യൻ ദൈഷണികതക്ക് 'ഗാന്ധിസം' പ്രത്യയശാസ്ത്ര പരിഹാരമാകുന്നത് തികച്ചും യാദൃശ്ചികമാകാനിടയില്ല. ദലിത്/ആദിവാസി വിരുദ്ധമായ ഈ വികസന/ബദൽ എന്ന അജണ്ടകളെ പ്രശ്നവല്ക്കരിക്കാതെ ഏകപക്ഷീയമായി ബദൽ എന്ന കാല്പനികവത്ക്കരിക്കപ്പെട്ട അയഥാർത്ഥ കാറ്റഗറികളെ തലയിലേറ്റുന്നത് ഒന്നിനും പരിഹാരമാകില്ല. 'ബദൽ' എത്രമാത്രം യഥാർത്ഥ 'ബദൽ' ആകുന്നു എന്നതുതന്നെയാണ് പ്രധാന പ്രശ്നം. വികസനത്തിന്റെ ദലിത്/ആദിവാസി പരിപ്രേഷ്യങ്ങളെക്കൂടി ഉൾക്കൊള്ളാത്ത ഏതൊരു അജണ്ടയും അപൂർണ്ണമായി തന്നെ തുടരും. ആധുനികതയെ അധിനിവേശത്തോടും, അധിനിവേശത്തെ മാംസാഹാര ഉപയോഗത്തോടുമെല്ലാം താരതമ്യപ്പെടുത്തുന്ന അരാഷ്ട്രീയ 'ഹിഡൻ' അജണ്ടകൾക്ക് ഈ യാഥാർത്ഥ്യം ഉൾക്കൊള്ളാനാവാത്തതിൽ അദ്ഭുതമേതുമില്ല.

സൈക്കിളിലേക്ക് തിരിച്ചുവരാം. പാരമ്പര്യത്തിന്റെ ജഡതയെ ചലനാത്മകതയിലൂടെ അതിജീവിച്ചുകൊണ്ടാണ് സൈക്കിൾ ചരിത്രത്തിൽ ഇടം നേടുന്നത്. സൈക്കിളിന്റെ ചരിത്രപ്രസക്തി ആധുനികതയുമായി കോർത്തിണക്കപ്പെട്ട അതിന്റെ പ്രത്യയശാസ്ത്രപരമായ അടിത്തറയാണ്. സൈക്കിൾ അതിന്റെ ഉള്ളിൽതന്നെ റോക്കറ്റിനെയും ഉൾക്കൊള്ളുന്നു എന്നതാണ് സൈക്കിളിനെ ഉത്തരാധുനിക പരിസരങ്ങളിലും പ്രസക്തമാക്കുന്നത്. സൈക്കിൾ അതിൽതന്നെ ഒരു അവസാനമല്ല, അത് ഒരു തുടർച്ചയുടെ ഭാഗമാണ്. 'സൈക്കിൾ മഹോത്സവങ്ങൾ' നിഷേധിക്കുന്നത് ഈ തുടർച്ചയെയാണ്. ആ അർത്ഥത്തിലാണ് സൈക്കിൾ ആധുനികവും പുരോഗമനപരവും ആകുന്നതും 'സൈക്കിൾ മഹോത്സവം' പ്രതിലോമ പരവുമായും തീരുന്നത്. വികസനത്തിന്റെ രാഷ്ട്രീയം (ബദൽ അടക്കം) കൂടി കൂട്ടിച്ചേർത്തു വായിക്കുമ്പോഴാണ് സൈക്കിൾ ഉയർത്തുന്ന പ്രത്യയശാസ്ത്ര വിവക്ഷകൾ അത്ര നിസ്സാരമല്ല എന്നു ബോധ്യമാകുക. 'അവൻ സൈക്കിളിന്റെ രൂപത്തിലും വരും' എന്ന് എം.എൻ. വിജയൻ സ്റ്റൈലിൽ ഉപസംഹരിക്കാവുന്നതല്ല ഈ പ്രശ്നം. അത് സമൂഹത്തെ അപ്പാടെ പിടിച്ചു കുലുക്കാനും തകർത്തെറിയാനും തക്ക മാരകശേഷിയുള്ളതാണ്. അതിനെ ഇത്ര ലാഘവബുദ്ധിയോടെ കൈകാര്യം ചെയ്യരുതെന്ന അപേക്ഷ മാത്രമേയുള്ളു.

*റിസർച്ച് സ്കോളർ-കമ്മ്യൂണിക്കേഷൻ, ഹൈദരാബാദ് യൂണിവേഴ്സിറ്റി, ഹൈദരാബാദ്*

# കൊടുങ്ങല്ലൂർ: സമാധാനത്തിന് പിന്തുണ തേടുന്നു

**കൊടുങ്ങല്ലൂരിലും,** പരിസരപ്രദേശങ്ങളിലും കുറച്ചു നാളുകളായി നിലനിൽക്കുന്ന സംഘർഷാവസ്ഥ ഈ പ്രദേശത്തുള്ളവരെ മാത്രമല്ല മുഴുവൻ കേരളീയരെയും അസ്വസ്ഥരാക്കുന്ന ഒന്നാണ്. ഇടക്കാലത്ത് അൽപം ശാന്തമായിരുന്നതിനുശേഷം രാഷ്ട്രീയ സംഘട്ടനങ്ങളുടെയും ആക്രമണങ്ങളുടെയും ഒരു പരമ്പരയാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. കക്ഷിതിരിഞ്ഞ് പ്രതികരിക്കുന്ന അവസ്ഥയാണ് ഇത്തരം സംഘട്ടനങ്ങൾ തുടരുന്നതിന് വഴിവെക്കുന്നത്. സാധാരണ ജനങ്ങൾ കാഴ്ചക്കാരായി നോക്കിനിൽക്കാനിടയാകുന്നതും ഇത്തരം സംഘട്ടനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്നു. കക്ഷിരാഷ്ട്രീയത്തിനതീതമായി ചിന്തിക്കുന്ന ജനാധിപത്യ ബോധവും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിൽ താൽപര്യവുമുള്ള മുഴുവൻ ജനങ്ങളും ഒറ്റക്കെട്ടായി ഇത്തരം സംഘട്ടനങ്ങൾക്കെതിരായി അണിനിരക്കേണ്ട സന്ദർഭമാണിത്. കൊടുങ്ങല്ലൂരിലെ സംഘർഷാവസ്ഥ ലഘൂകരിക്കുന്നതിനുവേണ്ടി മുൻകയ്യെടുക്കുന്ന വിവിധ മനുഷ്യാവകാശ സംരംഭങ്ങൾക്ക് ഞങ്ങൾ പിന്തുണ നൽകുന്നതോടൊപ്പം കേരളത്തിലെ ജനാധിപത്യ വിശ്വാസികളായ മുഴുവൻ ജനങ്ങളും ഇത്തരം സംരംഭങ്ങൾക്ക് ധാർമ്മികവും മറ്റുമായ പിൻബലം നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

**ഡോ. എം. ഗംഗാധരൻ, ഒ.വി. ഉഷ, കെ.എം. റോയ്, ബി.ആർ.പി. ഭാസ്കർ, സി. ഗൗരീദാസൻ നായർ, കമൽ, ബാലചന്ദ്രൻ ചുള്ളിക്കാട്, ലാൽജോസ്, വി.കെ. ശ്രീരാമൻ, സണ്ണി പൈകട, കെ. വേണു.**

നമ്മുടെ ഭാഷയ്ക്ക് നമ്മുടെ ഓപ്പറേറ്റിങ്ങ് സിസ്റ്റം
രചന (മലയാളം)
മലയാള ഭാഷയുടെ സമഗ്രമായ ഓപ്പറേറ്റിങ്ങ് സിസ്റ്റം
രചന : അക്ഷരവേദി, സി.ആർ.എ. 192, പഞ്ചമി, പൂജപ്പുര, തിരുവനന്തപുരം-12
e-mail : contact@rachanamalayalam.org

ഉടൻ പ്രതീക്ഷിക്കുക
കേരളീയം
സൈക്കിൾ പ്രത്യേക പതിപ്പ്
ഗസ്റ്റ് എഡിറ്റർ : അജിലാൽ
ഫോൺ : 9847103551